## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2469** — **11.10.2011-ലെ മറുപടിയ്ക്ക്.**

# സുനാമി പുനരധിവാസ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ. | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതിയിൻ കീഴിൽ ലഭ്യമായ ഫണ്ടിൽ ഇനിയും എത്ര തുക ചെലവഴിക്കുവാൻ ബാക്കിയുണ്ടെന്നു വ്യക്തമാക്കുമോ; | (എ) സുനാമി പുനരധിവാസ പദ്ധതി നടപ്പിലാക്കുവാനായി അധിക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന് ലഭ്യമായ തുകയിൽ 36,02,08,191/- രൂപ വിവിധ പദ്ധതി നിർവ്വഹണ യൂണിറ്റുകൾക്ക് അനുവദിച്ച് നൽകുവാനുണ്ട്. എന്നാൽ ഈ തുക വിവിധ പദ്ധതി നിർവ്വഹണ യൂണിറ്റുകൾക്ക് വകയിരുത്തിയിട്ടുള്ളതും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക്, *ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ* ടി തുക അനുവദിച്ചു നൽകുന്നതുമാണ്. |
| (ബി) അനുവദിച്ച തുക സമയബന്ധിതമായി ചെലവഴിക്കാത്ത വകുപ്പുകൾ ഏതെല്ലാമെന്നും ഓരോ വകുപ്പിനും നീക്കിവച്ച തുകയിൽ ബാക്കിയുള്ള തുകകളുടെ വകുപ്പു തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കുമോ; | (ബി) സുനാമി പുനരധിവാസ പദ്ധതി പ്രവർത്തനങ്ങളുടെ കാലാവധി 2011 ഡിസംബർ 31 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. മുഴുവൻ പദ്ധതികളും പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്ന മുറയ്ക്ക് വിവിധ വകുപ്പുകൾക്ക് നൽകുവാനുള്ള തുക ഇപ്രകാരമാണ്. |

| വകുപ്പ് | | തുക (രൂപ) |
|---|---|---|
| ഫിഷറീസ് | - | 791 |
| വിദ്യാഭ്യാസം | - | 1,50,00,000 |
| കെ.എസ്.ഇ.ബി | - | 80,00,000 |
| തുറമുഖ വകുപ്പ് | - | 1,69,00,000 |
| ടൂറിസം | - | 1,04,87,282 |
| ജില്ലാ കളക്ടർ, മലപ്പുറം (ബാലാതുരുത്തി പാലം) | - | 1,53,00,000 |
| ജില്ലാ കളക്ടർ, കൊല്ലം (സ്പെഷ്യൽ പാക്കേജ് ആലപ്പാട്) | - | 38,41,000 |
| ജില്ലാ കളക്ടർ, എറണാകുളം (*സ്പെഷ്യൽ പാക്കേജ് എടവനക്കാട്*) | - | 46,50,000 |

കൂടാതെ ഭവന നിർമ്മാണ പദ്ധതിയ്ക്കായി 15,81,56,023/- രൂപയും (ഇതിൽ 3,58,67,984/- രൂപ ഭവനനിർമ്മാണ പദ്ധതിയ്ക്കായി സാങ്കേതി സഹായം നൽകുന്ന ഇനത്തിൽ കേരള സംസ്ഥാന

ഭവനനിർമ്മാണ ബോർഡിന് നൽകുവാനുള്ളതാണ്) ഡിസാസ്റ്റർ ഷെൽട്ടർ നിർമ്മാണത്തിനായി 4,50,00,000/- രൂപയും, ലാൻഡ് അക്വിസിഷൻ കേസുകളുടെ തീർപ്പിനായി 1,27,66,159/- രൂപയും, *സുനാമി പുനരധിവാസ പദ്ധതിക്കായി സർക്കാർ* ഏറ്റെടുത്തിട്ടുള്ള ഭൂമിയുടെ സംരക്ഷണത്തിനായി 2,00,00,000/- രൂപയും തീരദേശ ജില്ലകളിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന സുനാമി ബാധിത തീരപ്രദേശങ്ങളിലെ വില്ലേജ് ഓഫീസുകളിലെയും താലൂക്ക് ഓഫീസുകളിലെയും നവീകരണ പ്രവർത്തനത്തിനായി 5,01,06,936/- രൂപയും ബന്ധപ്പെട്ട തീരദേശ ജില്ലകളിലെ ജില്ലാ കളക്ടർമാർക്ക് നൽകുവാനുണ്ട്.

(സി) സുനാമി പുനരധിവാസ പ്രവർത്തനങ്ങൾക്കു ഏറ്റവും വേഗത്തിൽ പൂർണ്ണതയിൽ എത്തിക്കുവാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കുമോ ?

(സി) സുനാമി പുനരധിവാസ പദ്ധതിയുടെ പ്രോജക്ട് ഡയറക്ടർ, റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി (സുനാമി സ്പെഷ്യൽ ഓഫീസർ) എന്നിവർ വിവിധ പദ്ധതി നിർവ്വഹണ യൂണിറ്റുകളുമായി അവലോകന യോഗങ്ങൾ ചേരുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുവാനുള്ള കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.